പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4439 — 17.05.2017 — ൽ മറുപടിക്ക്

# റേഷൻ കടകളുടെ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) | |
| (എ) | റേഷൻ കടകളുടെ നവീകരണത്തിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന്റെ പ്രീ-പൈലറ്റ് പദ്ധതി, മോഡൽ പൈലറ്റ് പദ്ധതി എന്നിവയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 22 റേഷൻ കടകളിൽ (14 എണ്ണം തിരുവനന്തപുരം ജില്ലയിലും 8 എണ്ണം എറണാകുളം ജില്ലയിലും) ഒരേ നിറത്തിലും മാതൃകയിലുമുള്ള പെയിന്റിംഗ്, ഇലക്ട്രിഫിക്കേഷൻ, തറടൈൽ പാകൽ, നെയിംബോർഡ് സ്ഥാപിക്കൽ, സ്റ്റോക്ക് ബോർഡ് സ്ഥാപിക്കൽ എന്നീ ജോലികൾ ചെയ്ത് നവീകരിച്ചിട്ടുണ്ട്. 2016-17 ലെ ബഡ്ജറ്റിൽ കെ.എസ്.എഫ്.ഇ. മുഖാന്തിരം പലിശ രഹിത വായ്പ നൽകി റേഷൻ കടകൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതു പ്രകാരം കെ.എസ്.എഫ്.ഇ.യുമായി ചർച്ച ചെയ്യുന്നതിന് ക്ഷണിച്ചിരുന്നെങ്കിലും കെ.എസ്.എഫ്.ഇ അധികാരികൾ പ്രതികരിക്കാത്തതിനാൽ നടപടികൾ തുടരാൻ ആയിട്ടില്ല. |
| (ബി) | റേഷൻ കടകൾ വഴി അവശ്യ വസ്തുക്കൾ വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് ആവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) യും (സി) യും | റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും വിവിധ തരം സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു. |
| (സി) | റേഷൻ കടകൾ സാമാന്യ ജനവിഭാഗത്തിന് കൂടുതൽ ആശ്രയിക്കാവുന്ന സ്ഥാപനങ്ങളാക്കി മാറ്റുവാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ